പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 636 — 30.06.2016-ൽ മറുപടിക്ക്

## കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നിലവിൽ വന്നത് എന്ന് മുതലാണെന്നും ഈ സർക്കാർ അധികാരത്തിലെത്തും വരെ പ്രസ്തുത പദ്ധതിയിൽ തൊഴിൽ വകുപ്പ് കണക്കനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കുമോ; | (എ) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി നിലവിൽ വന്നത് 29/03/2010-ലാണ്. 30/04/2016 വരെ വിവിധ ജില്ലകളിലായി 53,136 ഇതര സംസ്ഥാന തൊഴിലാളികൾ അംഗത്വ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. |
| (ബി) കുടിയേറ്റ തൊഴിലാളികൾക്കുള്ള പ്രായപരിധി, വാർഷികവിഹിതം, സർക്കാർ വിഹിതം, അംഗത്വത്തിന് വേണ്ടുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ പ്രസ്തുത പദ്ധതിയനുസരിച്ച് ആർക്കാണ് സമർപ്പിക്കേണ്ടതെന്നും ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും ഇവർക്ക് ഐഡന്റിറ്റി കാർഡ് നൽകുന്നുണ്ടോയെന്നും എങ്കിൽ ആയതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്നും വ്യക്തമാക്കുമോ; | (ബി) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി ഖണ്ഡിക (7) പ്രകാരം ഒരു മാസമോ, അതിൽ കൂടുതൽ കാലമോ കുടിയേറ്റ തൊഴിലാളിയായി ജോലി ചെയ്ത് വരുന്ന 18 വയസ്സ് പൂർത്തിയാക്കിയതും എന്നാൽ 60 വയസ്സ് പൂർത്തിയാകാത്തതുമായ ഓരോ കുടിയേറ്റ തൊഴിലാളിയും പദ്ധതിയിൽ അംഗമാകുന്നതിന് തന്റെ പേര് രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓരോ കുടിയേറ്റ തൊഴിലാളിയും അംഗത്വ ഫീസായി പ്രതിവർഷം 30 രൂപ നൽകേണ്ടതും ആയതിന്റെ 3 മടങ്ങ് വരുന്ന തുക സർക്കാരും 3 മടങ്ങ് വരുന്ന തുക കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡും |

പ്രസ്തുത പദ്ധതിയിലേയ്ക്ക് ഓരോ വർഷവും നൽകേണ്ടതാണ്. വയസ്സും തൊഴിലും തെളിയിക്കുന്ന രേഖകളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ ജില്ലാ ഓഫീസർക്ക് അപേക്ഷാ ഫോറം നമ്പർ 1-ൽ സമർപ്പിക്കേണ്ടതാണ്.

(സി) ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പുവരുത്തുന്നതിനും ഇവരെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉറപ്പുവരുത്തുന്നതിനുമായി പ്രസ്തുത പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്താനും നിയമങ്ങൾ കർശനമാക്കി പാലിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) ഇതര സംസ്ഥാനത്തൊഴിലാളികളുടെ ആരോഗ്യസംരക്ഷണവും പൂർണ്ണമായ വിവരശേഖരണവും ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഈ പദ്ധതി ആരംഭിച്ചാൽ ഇവരുടെ കണക്കെടുപ്പും വിവരശേഖരണവും തിരിച്ചറിയൽ കാർഡ് നൽകലും നടപ്പാക്കാവുന്നതാണ്. കൂടാതെ 1979-ലെ അന്തർ സംസ്ഥാന തൊഴിലാളി (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമ പ്രകാരമുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസിംഗ് എന്നിവ കർശനമാക്കാനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കുന്നതാണ്. വകുപ്പിലെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച പരിശോധനകൾ ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ